## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5009 — 30-06-2014-ൽ മറുപടിക്ക്

**മദ്യനയം**

| ചോദ്യം: | | ഉത്തരം: |
|---|---|---|
| ശ്രീ. പി. കെ. ബഷീർ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | മദ്യനയം രൂപീകരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (എ)-യും, (ബി)-യും<br>2014-15 വർഷത്തെ അബ്കാരി നയം പൂർണ്ണമായി പ്രഖ്യാപിച്ചിട്ടില്ല. കള്ള് ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട 2014-15 വർഷത്തെ അബ്കാരി നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വിദേശമദ്യ ചട്ടത്തിൽ വരുത്തിയ ഭേദഗതികൾക്കെതിരെ ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകളിൽ അബ്കാരി നയത്തിലെ 3 നക്ഷത്ര പദവിയിലുള്ള ഹോട്ടലുകൾക്ക് പുതുതായി ലൈസൻസ് നൽകേണ്ടതില്ലെന്ന തീരുമാനവും, ലൈസൻസ് അനുവദിക്കുമ്പോൾ നിലവിലുള്ള ബാർ ഹോട്ടലുകൾ തമ്മിൽ നിശ്ചിത അകലം വേണം എന്ന നിബന്ധനയും ബഹു. ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. ടി ഉത്തരവിനെതിരെ സർക്കാർ ബഹു. സുപ്രീം കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസ് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കെ, സംസ്ഥാനത്ത് സമഗ്ര മദ്യനയം പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയോഗിച്ചു. ടി കമ്മീഷൻ 06/03/2014-ന് സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ 02/04/2014-ലെ മന്ത്രിസഭാ തീരുമാനമനുസരിച്ച് നികുതി വകുപ്പ് സെക്രട്ടറിയെ ടി ശുപാർശകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ നികുതി വകുപ്പ് സെക്രട്ടറി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | മദ്യനയവുമായി ബന്ധപ്പെട്ട് പഠനങ്ങളോ അഭിപ്രായ രൂപീകരണമോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | |

സെക്ഷൻ ആഫീസർ